**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5585** — **03-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എ.എൽ. നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെ.എ.എൽ. നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരം സബ്സിഡി നൽകി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് നിലവിൽ ബാധകമായ സബ്സിഡി മാർഗരേഖ പ്രകാരം, സ്വയംതൊഴിൽ പ്രോജക്ടുകളുടെ ഭാഗമായി ഓട്ടോറിക്ഷ വാങ്ങുന്നതിന് പൊതു നിബന്ധനകൾക്ക് വിധേയമായി പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 50,000/- രൂപയും പട്ടികജാതി ഗുണഭോക്താക്കൾക്ക് 60,000/- രൂപയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 70,000/- രൂപയും എല്ലാ വിഭാഗത്തിലെയും വനിതകൾക്ക് 70,000/- രൂപയും സബ്സിഡി അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൊതു നിബന്ധനകൾ പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് മേൽപ്പറഞ്ഞ പ്രകാരമുള്ള സബ്സിഡി, ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് ഉൾപ്പെടെ അനുവദിക്കാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ വർഷത്തെ വികസന പദ്ധതികൾ രൂപീകരിച്ച് നിർവഹണം തുടങ്ങി കഴിഞ്ഞു. ഇലക്ട്രിക്ക് ഓട്ടോയ്ക്ക് മാത്രമായി പ്രത്യേക സബ്സിഡി മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം അടുത്ത വർഷത്തെ പദ്ധതി രൂപീകരണ മാർഗരേഖ തയ്യാറാക്കുന്ന സമയത്ത് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ